"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ "കരിച്ചൽ കായൽ സർവ്വേയും ബോർഡ് സ്ഥാപിക്കലും" (Project No.125/23, അടങ്കൽ -2,85,384/- രൂപ) എന്ന പദ്ധതിയുടെ തുക നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1020/2023/LSGD തീയതി,തിരുവനന്തപുരം, 11-05-2023

---

പരാമർശം:-

1. കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.12.2022 ലെ 7778/22 നമ്പർ കത്ത്
2. 08.03.2023-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.52
3. 25.04.2023-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 2.5 (ഖണ്ഡിക 4.52)

**ഉത്തരവ്**

കരിച്ചൽ കായൽ വികസനത്തിന്റെ ഭാഗമായി പശ്ചാത്തലമൊരുക്കുന്നതിന് കായലിലെ ചെളി കോരി മാറ്റൽ, പരിസരങ്ങളിലെ പാഴ് മരങ്ങൾ വെട്ടിമാറ്റൽ, മാലിന്യങ്ങൾ നീക്കം ചെയ്യൽ, ബോർഡുകൾ സ്ഥാപിക്കൽ എന്നിവയ്ക്കായി കോട്ടുകാൽ ഗ്രാമപഞ്ചായത്ത് "കരിച്ചൽ കായൽ സർവ്വേയും ബോർഡ് സ്ഥാപിക്കലും" (Project No.125/23, അടങ്കൽ -2,85,384/- രൂപ) പദ്ധതി നടപ്പാക്കിയിരുന്നു. പദ്ധതി നടപ്പാക്കാൻ കാലതാമസം വരും എന്നതിനാൽ ടെണ്ടർ വിളിച്ച് പ്രോജക്ട് നടപ്പാക്കുന്നതിന് പകരം മൂന്ന് ഘട്ടങ്ങളിലായി ക്വട്ടേഷൻ വിളിച്ച് പ്രോജക്ട് നടപ്പാക്കി. ഇതിന്റെ വാല്യുവേഷൻ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തിരുന്നു. പ്രസ്തുത വാല്യുവേഷൻ പ്രകാരമുള്ള പദ്ധതി തുക 2,67,862 രൂപയാണ്.

2. കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ "കരിച്ചൽ കായൽ സർവ്വേയും ബോർഡ് സ്ഥാപിക്കലും" (Project No.125/23, അടങ്കൽ -2,85,384/- രൂപ) എന്ന പദ്ധതിയുടെ തുക നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിക്കുകയും ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറെ പരാമർശം (2) പ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

3. പ്രോജക്ട് നടപ്പാക്കിയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഓഫീസിൽ നിന്നാണെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് കോഓർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളിൽ വീഴ്ചയുണ്ടായതായി കോർഡിനേഷൻ സമിതി വിലയിരുത്തുകയും വീഴ്ച വരുത്തിയ നിർവ്വഹണ

ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ (റൂറൽ) ഡയറക്ടറെ ചുമതലപ്പെടുത്തിയും അസിസ്റ്റന്റ് എഞ്ചിനീയർ എടുത്ത വാല്യുവേഷൻ പ്രകാരം തുക നൽകാൻ അനുമതി നൽകുന്നതിനും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (3) പ്രകാരം തീരുമാനിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ "കരിച്ചൽ കായൽ സർവ്വേയും ബോർഡ് സ്ഥാപിക്കലും" (Project No.125/23) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ എടുത്ത വാല്യുവേഷൻ പ്രകാരമുള്ള തുക നൽകാൻ കോട്ടുകാൽ ഗ്രാമപഞ്ചായത്തിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളിൽ വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ തദ്ദേശസ്വയംഭരണവകുപ്പ് (റൂറൽ) ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEEJA.R.S.

JOINT SECRETARY

പ്രസിഡന്റ് / സെക്രട്ടറി, കോട്ടുകാൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Madhusoodhanan V
Date: 12-05-2023 10:53:52

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്